# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2173 04/11/2019-ൽ മറുപടിക്ക്

## ആശാവർക്കർമാർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.റോജി.എം.ജോൺ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) ആശാവർക്കർമാർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ അനുവദിക്കണമെന്നഭ്യർത്ഥിച്ച് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | എറണാകുളം ജില്ലയിലെ കറുകുറ്റി പഞ്ചായത്തിലെ ആശാപ്രവർത്തക സമർപ്പിച്ച നിവേദനത്തിന്മേൽ ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ റിപ്പോർട്ട് സർക്കാർ തേടുകയുണ്ടായി. |
| ബി) 20.09.2019-ലെ എഫ്ഡബ്ല്യൂ/ 325/2019/എച്ച്. നമ്പർ കത്തിൽ സ്റ്റേറ്റ് മിഷൻ ഡയറക്ടർ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;<br><br>സി) തുച്ഛമായ വേതനത്തിൽ ജോലി നോക്കുന്ന ആശാവർക്കർമാർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങളും സൗജന്യ ഇൻഷ്വറൻസും അനുവദിക്കുന്നതിന് വകുപ്പ് ശിപാർശ ചെയ്തിരുന്നോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | ബി) & സി) | സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് ദേശീയ ആരോഗ്യ ദൗത്യം ഡയറക്ടർ 29/10/2019 തീയതിയിലെ NHM/1362/JC(SD)/2019/SPMSU കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചു വരുന്നു. ആശമാർക്ക് സ്ഥിരമായ വേതനമല്ല നൽകുന്നത്. മറിച്ച് സംസ്ഥാന സർക്കാർ നൽകുന്ന ഓണറേറിയവും വിവിധ പദ്ധതികളിൽ നിന്നു ലഭിക്കുന്ന ഇൻസന്റീവുമാണ്. ആയതിനാൽ ആശാപ്രവർത്തകർ ഇ.എസ്.ഐ പരിധിക്കുള്ളിൽ വരുന്നവരല്ല. എന്നാൽ ഇൻഷ്വറൻസ് പരിരക്ഷ NHM വഴി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ